ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. ബുക്കുകൾ നഷ്ടപ്പെട്ടത്

193 (3014) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും കുട്ടികൾക്ക് വിതരണം ചെയ്യാൻ സൂക്ഷിച്ചിരുന്ന എസ്.എസ്.എൽ.സി. ബുക്കുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എത്ര എസ്.എസ്.എൽ.സി. ബുക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത് ;

(സി) കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണ ചുമതല നൽകിയിട്ടുള്ളത് ; അന്വേഷണ പുരോഗതി അറിയിക്കാമോ ;

(ഡി) എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടിട്ട് ഒരു വർഷത്തിലധികം പിന്നിട്ടിട്ടും കേസ്സിന് ഇനിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(ഇ) കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറണമെന്ന ആവശ്യം ഉന്നയിച്ച് ആഭ്യന്തര വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(എഫ്) മോഷ്ടിക്കപ്പെട്ട എസ്.എസ്.എൽ.സി. ബുക്കുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത തടയുന്നതിനും മോഷ്ടാക്കളെ കണ്ടുപിടിക്കുന്നതിനും അന്വേഷണം ഊർജ്ജിതപ്പെടുത്തുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിരുന്നു. ആയതിന് 13-6-2014 തീയതി തേഞ്ഞിപ്പാലം PS ക്രൈം-395/14 U/S-454, 461, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 21 എസ്.എസ്.എൽ.സി. ബുക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

(സി) 13-6-2014-ലാണ് കേസ് രജിസ്റ്റർ ചെയ്തത്. തേഞ്ഞിപ്പാലം എസ്.ഐ. അന്വേഷണം നടത്തിവരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) നിലവിൽ തേഞ്ഞിപ്പാലം എസ്.ഐ. അന്വേഷണം നടത്തി വരുന്നു. അന്വേഷണം പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. നടപടിക്കും റിപ്പോർട്ടിനുമായി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് 8-5-2015-ലെ 36121/ഡി3/2015/ഹോം. എന്ന നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്. മേൽ കേസ്സിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് യോഗത്തിലെ അതിക്രമം

194 (3015) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഭരണസമിതി യോഗം നടക്കുമ്പോൾ അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പരാതി ആരാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സംഭവത്തിൽ ആരുടെയൊക്കെ പേരിലാണ് കേസ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ഇ) ഏതെല്ലാം വകുപ്പുചേർത്താണ് പ്രസ്തുത കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; പ്രതികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടതാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കുഞ്ഞിരാമനും പ്രസിഡന്റ് ശ്രീ. കുഞ്ഞമ്മത് മാസ്റ്ററും പരാതി നൽകിയിട്ടുണ്ട്.

(സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കണ്ടാലറിയാവുന്ന കുറച്ച് ആളുകളെ പ്രതികളാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly